നടപടികൾ കൈക്കൊണ്ടുവരികയാണ്. നഗരങ്ങളിൽ ഇത് മാറ്റിവയ്ക്കുന്നതു സംബന്ധിച്ചുള്ള ഒരു സ്കീം ഞങ്ങൾ ഡിസ്കസ് ചെയ്തുവരികയാണ്. അക്കാര്യങ്ങൾ നഗരകാര്യ വകുപ്പുമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അദ്ദേഹം പറയും.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 65 നഗരസഭകളിൽ 'നഗരജ്യോതി' എന്ന പേരിലുള്ള ഒരു പദ്ധതി തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഡി.പി.ആർ. പ്രിപ്പറേഷൻ കഴിഞ്ഞു. അടുത്തുതന്നെ അതിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് പോകും. കേന്ദ്രഗവൺമെന്റിന്റെ ഇ.എസ്.എസ്.എൽ. എന്ന കമ്പനിയാണ് ഇതിന് മുന്നോട്ടുവന്നിട്ടുള്ളത്. ടെണ്ടർ വിളിക്കുമ്പോൾ വേറെയും കമ്പനികൾ മുന്നോട്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഗരങ്ങളിലുള്ള ട്യൂബ്ലൈറ്റുകളുൾപ്പെടെയുള്ള എല്ലാ ലൈറ്റുകളും റീപ്ലേസ് ചെയ്ത് എൽ.ഇ.ഡി. ലൈറ്റുകളാക്കാനാണ് ഉദ്ദേശിക്കുന്നത്.. 40 മുതൽ 50 ശതമാനം വരെ ഇലക്ട്രിസിറ്റി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നിർമ്മിതി കേന്ദ്രം ഏകജാലകമാക്കാൻ പദ്ധതി

3 (*335) ശ്രീ. വി.ഡി. സതീശൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. ജോസഫ് വാഴയ്ക്കൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുന്ന വിധം നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ,

(എ) നിലവിൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽനിന്നും സേവനങ്ങൾ നൽകി വരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേവനങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി എല്ലാ കേന്ദ്രങ്ങളും മാറിയിട്ടില്ല.

(ബി) പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ എല്ലാ കേന്ദ്രങ്ങളിൽ നിന്നും എല്ലാവിധ സേവനങ്ങളും ലഭിക്കുക വഴി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഒഴിവാക്കുക, പരിസ്ഥിതിസൗഹൃദവും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണശൈലി പ്രചരിപ്പിക്കുകയും അതിനാവശ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുകയും ചെയ്യുക, യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ തൊഴിൽ പരിശീലനം നൽകുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. രൂപകൽപ്പന മുതൽ പൊതു വിപണിയിലേക്കാൾ കുറഞ്ഞ വിലയ്ക്ക് നിർമ്മാണവസ്തുക്കളുടെ ലഭ്യത, നിർമ്മാണത്തിന്റെ മേൽനോട്ടം, നിർമ്മാണ തൊഴിലാളികളുടെ ലഭ്യത എന്നിവ എല്ലാ കേന്ദ്രങ്ങളിൽനിന്നും ഉറപ്പാക്കുക വഴി എല്ലാ കേന്ദ്രങ്ങളേയും മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പൊതുജനങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതിയിൽനിന്നും ലഭിച്ചുവരുന്നു.

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുക.
2. ആവശ്യക്കാർക്ക് അത് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊടുക്കുക.
3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്ക് 15% സൗജന്യനിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.
4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനാശാലകൾ നടത്തുന്നു.
5. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

6. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിന് പ്രശസ്ത വാസ്തു ശില്പി പദ്മശ്രീ ലാറി ബേക്കർ അവർകളുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റേറ്റ് സ്റ്റഡീസ് പ്രവർത്തിച്ചുവരുന്നു.

7. മൺമറഞ്ഞുകൊണ്ടിരിക്കുന്ന പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിയെ പുനരാവിഷ്കരിക്കുന്നതിനായി പി.ടി.പി. നഗറിലെ സംസ്ഥാന നിർമ്മിതി കേന്ദ്രം കാമ്പസിൽ ഒരു ഹെറിറ്റേജ് സോൺ പൊതുജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സ്ഥാപിച്ചിട്ടുണ്ട്.

(ഡി) 1. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

2. സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ 10 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 7 സ്ഥലങ്ങളിലും പ്രവർത്തനം ആരംഭിക്കുന്നതാണ്.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ 10 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 5 കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

5. 13 റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പി.-യിലെ ഹെഡ് ആഫീസ് വഴിയും യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പരിസ്ഥിതിക്കിണങ്ങുന്നതും ചെലവുകുറഞ്ഞതുമായ നിർമ്മാണശൈലി കൊണ്ടുവരുന്നതിനും അതിനാവശ്യമായ സാങ്കേതികവിദ്യ രൂപപ്പെടുത്തുന്നതിനുമുള്ള മഹത്തായ ലക്ഷ്യത്തോടുകൂടി സ്ഥാപിതമായ ഒരു പ്രസ്ഥാനമാണ് നിർമ്മിതികേന്ദ്രം. ദൗർഭാഗ്യവശാൽ കഴിഞ്ഞ കുറെ വർഷങ്ങളായി, ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമല്ല, കേരളത്തിലുടനീളം നിർമ്മിതി കേന്ദ്രം തുടങ്ങിയ വർക്കുകളെല്ലാം പാതിവഴിയിൽ കിടക്കുകയാണ്. ഇത്രമാത്രം തകർന്നുപോയ ഒരു സ്ഥാപനം വേറെയില്ല. എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടും, എം.എൽ.എ. ഫണ്ടും ഉപയോഗിച്ച് ധാരാളം നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആർക്കും നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ കേന്ദ്രം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എം. മാണി:</u> സർ, തകർന്നുപോയി എന്നുള്ളതിനോട് ഞാൻ യോജിക്കുന്നില്ല. അത്യാധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് ഇതിനെ നവീകരിക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. തീർച്ചയായും ഗവൺമെന്റ് അത് ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. വർക്കല കഹാർ:</u> സർ, നിർമ്മിതി കേന്ദ്രം ഏതെങ്കിലും റോഡിന്റെയോ ബിൽഡിംഗിന്റേയോ പണി ഏറ്റെടുത്താൽ പത്തോ പന്ത്രണ്ടോ ശതമാനം സർവ്വീസ് ചാർജ് ഈടാക്കിയതിനുശേഷം സബ്കോൺട്രാക്ട് കൊടുക്കുകയാണ് ചെയ്യുന്നത്. അനുവദിക്കുന്ന തുക ഉപയോഗിച്ച് ഗുണമേന്മയിൽ ചെയ്യാൻ കഴിയാത്തവിധത്തിൽ സർവ്വീസ് ചാർജ് ഈടാക്കുന്ന ഈ ഏജൻസി ഒരു തരത്തിലും ഗുണനിലവാരം keep ചെയ്യാറില്ല. അക്കാര്യത്തിൽ നിർബന്ധമുണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. എം. മാണി:</u> സർ, ഗുണനിലവാരം keep ചെയ്യുന്നില്ല എന്നുള്ളതിനോട് ഞാൻ യോജിക്കുന്നില്ല. നല്ല സർവ്വീസ് നടത്തുമ്പോൾ സർവ്വീസ് ചാർജ് ഈടാക്കുക എന്നുള്ളത് സാധാരണ നടപടിക്രമം മാത്രമാണ്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാനം എന്റെ നിയോജക മണ്ഡലത്തിലാണ്. Civil-Architecture വിഭാഗങ്ങളിൽ ഒരു പഠന ഗവേഷണകേന്ദ്രം കൂടി ആരംഭിച്ച് ഇതിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ; ടെക്നോളജിയുടെ അഭാവം കാരണമാണ് നിർമ്മിതി കേന്ദ്രം ഏറ്റെടുക്കുന്ന വർക്കുകൾ സബ്കോൺട്രാക്ട് കൊടുക്കേണ്ടിവരുന്നത്. അതവസാനിപ്പിച്ച് ടെക്നോളജിയിലുംകൂടി കൂടുതൽ സാധ്യതകൾ വികസിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. എം. മാണി:</u> സർ, ഇതിനോടനുബന്ധിച്ച് കെട്ടിടനിർമ്മാണ-തൊഴിൽ പരിശീലനം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റ് ശ്രദ്ധിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. ജോസഫ് വാഴയ്ക്കൻ അടുത്തൊരു അടിയന്തര ചോദ്യം എടുക്കാനുള്ളതുകൊണ്ട് അങ്ങയെ വിളിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly